# അധികാരം തന്ന ദൈവം

## ലൂക്കോസ് 10:19

"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല."

ക്രിസ്തുവിൽ നാം ആരാണ്? നമ്മുടെ സൃഷ്ടിയുടെ അർത്ഥം എന്താണ്? എന്നും രാവിലെ നാം ഓരോരുത്തരും ഈ ചോദ്യങ്ങൾ നമ്മോട് തന്നെ ചോദിക്കണം.

ദൈവത്തെ തിരിച്ചറിയാൻ സാധിക്കാത്ത ഒരു ജനത്തിന്റെ മദ്ധ്യേയാണ് ഇന്ന് നാം ഓരോരുത്തരും ജീവിക്കുന്നത്. സത്യവും, സത്യസന്ധതയും, ബഹുമാനവും, കരുണയും, വിശ്വസ്ഥതയും ഇന്ന് ഭൂമിയിൽ മറഞ്ഞു നില്ക്കുകയാണ്. ദൈവത്തെ കുറിച്ചുള്ള വ്യക്തമായ അറിവില്ലായ്മയാണ് ഒരു വ്യക്തിയെ ദൈവത്തിൽനിന്നും അകറ്റി നിർത്തുന്നത്. നമ്മുടെ സൃഷ്ടാവ് ആരാണന്നു മനസിലാക്കാൻ ശ്രമിച്ചാൽ അത് നമ്മെ ദൈവത്തോട് അടുപ്പിക്കും. മാത്രമല്ല ദൈവത്തോടുള്ള നമ്മുടെ വിശ്വാസം വർദ്ധിക്കുകയും ചെയ്യും, കാരണം അവനിൽ ഒരു പാപവും ഇല്ല, പാപം ചെയ്തിട്ടും ഇല്ല. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. 1 പത്രോസ് 2:22.

നമ്മുടെ ദൈവം നന്മകളാൽ മാത്രം നിറയപ്പെട്ടവനാണ്. അതിനാൽ ക്രിസ്തുവിന്റെ രൂപത്തോടു അനുരൂപമായി വളരുകയാണ് നമ്മുടെ ഈ ലോകത്തിലെ ലക്ഷ്യം. നാം നമ്മുടെ വിശ്വാസം ക്രിസ്തുവിൽ സമർപ്പിച്ചു കഴിയുമ്പോൾ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വരികയും നമ്മെ ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപമാക്കുന്ന പ്രവർത്തി നമ്മിൽ ആരംഭിക്കയും ചെയ്യും. അങ്ങനെ നാം അവനിലേക്ക് നമ്മെ തന്നെ സമർപ്പിച്ചു തുടങ്ങുമ്പോൾ നമ്മുടെ ജീവിതത്തിൽ ആത്മീയ യുദ്ധം ആരംഭിക്കും. മറ്റേതു കാര്യത്തിലും എന്നപോലെ ആത്മീയ യുദ്ധത്തിലും നാം യേശുകർത്താവിന്റെ മാതൃകയാണ് പിൻപറ്റേണ്ടത്. ഈ പ്രതിസന്ധി ഘട്ടങ്ങളിൽ നാം കർത്താവു തന്നിരിക്കുന്ന അധികാരം ഉപയോഗിക്കണം. എന്താണ് ആ അധികാരം? "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു". നമ്മെ ബുദ്ധിമുട്ടിക്കുന്ന ദുഷ്ടശക്തികളെ നമ്മൾ യേശുവിന്റെ നാമത്തിൽ കെട്ടുമ്പോൾ, നമുക്ക് ദൈവീക സന്തോഷവും, സമാധാനവും വന്നു ചേരും. എങ്ങനെ എന്ന് ചോദിച്ചാൽ നമ്മളെ സൃഷ്ടിച്ചവൻ നമുക്ക് വേണ്ടി യുദ്ധം

ചെയ്യും. മോശയോട് യെഹോവ എന്താണ് അരുളിച്ചെയ്തതു? നീ എന്നോടു നിലവിളിക്കുന്നതു എന്തു? വടി എടുത്തു നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക; യിസ്രായേൽമക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോകും. പുറപ്പാട് 14:15 –16

പ്രിയപെട്ടവരെ, നമ്മെ വിളിച്ചവൻ വിശ്വസ്ഥനാണ്. അതിനാൽ നമ്മുടെ ജീവിതത്തിൽ എന്തെല്ലാം പ്രശനങ്ങൾ ഉണ്ടായാലും, നാം പിന്മാറിപ്പോകയില്ല. ക്രിസ്തുവാകുന്ന പാറമേൽ നാം ഉറച്ചു നിൽക്കും. യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു. സങ്കിർത്തനം 125:1

എപ്പോഴും ദൈവമുഖത്തേക്കു നോക്കി, നമ്മുക്ക് ഉയരത്തിൽ നിന്നും തന്നിരിക്കുന്ന ആധികാരം ഉപയോഗിച്ച്, ശത്രൂവിനെ നേരിടുവാനായി ശ്രമിക്കുന്നവരാകണം, നാം ശത്രുവിനെ ഓടിക്കുന്നവരാകണം. അല്ലാതെ ശത്രു നമ്മളെ ഇട്ടു ഓടിക്കുവാൻ ഇടവരുത്തരുത്. നമ്മുടെ ഭാരങ്ങളിൽനിന്നും, കഷ്ടങ്ങളിൽനിന്നും ദൈവം നമ്മെ രക്ഷിക്കും. നാം പോകേണ്ടുന്ന വഴിയിൽ ദൈവം നമ്മെ നടത്തും.

പരാമർശം:
യാക്കോബ് 4: 7 –8
ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും. ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 005